
# PETALS
## of Malankara



LUCKY DRAW

See Page - No 12

Gold Coin to The Winner

**525+** Crore Business

**18500+** Depositors

**36000+** Happy Members

**30000+** Loanees

Painting by Deepa

Vol:14 | Issue : February 2023

# MALANKARA CREDIT SOCIETY LTD

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004
REG. NO. MSCS/CR/297/2008
MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED
Registered Under
MINISTRY OF CO-OPERATION, GOVT. OF INDIA
www.mmsccs.com info@mmsccs.com Toll-free: 1800 313 1223



**BOCHE**
(Dr. BOBY CHEMMANUR)
812 Km. Run Unique World Record & Guinness Record Holder : World Peace
Social Worker | Sportsman | Businessman | Motivator | Entertainer
Chairman & Managing Director Boby Group of Companies

PETALS of Malankara

Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Mr.Jisso Baby**
CMD

**Editorial Board**
**Chief Editor**
**Mrs.Mariyama Pious**
Vice Chairman

**Associate Editor**
**Mr. Jose Mohan**
Vice President

**Members**
**Christo Johny**
**Anjali VR**
**Krishna KK**
**Anjali KV**
**Sadhik Aboobaker**

**Design & Layout**
**Domson Simon**

## Objectives:

TO
- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence

## Lucky Draw Contest for Malankara Members

GOLD COIN to the winner

Malankara Credit Society employees are not eligible for the contest

Please read the EMagazine to qualify for lucky draw contest.



# MESSAGE



**Jisso Baby**
CMD

## Request for all members

**ലോകത്തിലെ ആയിരകണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുക**

ഈ ലക്കം ഈ - മാഗസീനിൽ ഞാൻ നിങ്ങളോടു പങ്കുവെക്കാൻ പോകുന്നത് മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ പുതിയ പദ്ധതിയായ സോളാർ പാനൽ വഴി സൗരോർജം ഉപയോഗിച്ച് നിങ്ങളുടെ വീട് വൈദ്യുതീകരിക്കുന്നതിനെ കുറിച്ചാണ്.

ലോകത്തു കാറ്റും, സൗരോർജ്ജവും ഉപയോഗിച്ചുള്ള വൈദ്യുതി ഉപയോഗവും ഉല്പാദനവും 2021 നു ശേഷം 10% വർദ്ധിച്ചതായാണ് വാർത്തകൾ സൂചിപ്പിക്കുന്നത്, ഈ വർദ്ധനവ് ചരിത്രത്തിൽ ഇതാദ്യമാണെന്നും പറയപ്പെടുന്നു. 2021 ൽ കോവിഡ് മഹാമാരി സൃഷ്ടിച്ച ആഘാതത്തിൽ നിന്നും ലോക സമ്പദ് വ്യവസ്ഥ തിരിച്ചുകയറിത്തുടങ്ങിയതോടെ ഊർജത്തിന്റെ ആവശ്യകത റെക്കോർഡ് വേഗത്തിലാണ് കൂടുന്നത്. നെതർലൻഡ്സ്, ഓസ്ട്രേലിയ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങൾ കഴിഞ്ഞ രണ്ടു വർഷത്തിനിടെ തങ്ങളുടെ വൈദ്യുതി ആവശ്യത്തിന്റെ പത്തിലൊന്നു ഉല്പാദിപ്പിക്കാൻ ഹരിത സ്രോതസ്സുകളെയാണ് ആശ്രയിക്കുന്നത്. ഡെൻമാർക്ക് പോലുള്ള രാജ്യങ്ങൾ ഇപ്പോൾ കാറ്റിൽ നിന്നും സൗരോർജത്തിൽ നിന്നും 50 ശതമാനത്തിലധികം വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. 2021ൽ കല്ക്കരി ഉപയോഗം കൂടിയെങ്കിലും യുഎസ്, യുകെ, ജർമ്മനി, കാനഡ എന്നിവയുൾപ്പടെയുള്ള ലോകത്തിലെ പ്രധാന സമ്പദ്‌വ്യവസ്ഥയുള്ള രാജ്യങ്ങൾ അടുത്ത 15 വർഷത്തിനുള്ളിൽ തങ്ങളുടെ ഊർജ്ജ വിതരണം 100% വൈദ്യുതിയിലേക്ക് മാറ്റാൻ ലക്ഷ്യമിടുന്നതായി ഗവേഷകർ പറയുന്നു. ഈ നൂറ്റാണ്ടിൽ ലോകത്തിന്റെ താപനില 1.5 ഡിഗ്രി സെൽഷ്യസിൽ കുറിച്ച് നിലനിർത്തുന്നത് സംബന്ധിച്ച ആശങ്കകളാണ് ലോക രാജ്യങ്ങളെ ഈ മാറ്റത്തിന് പ്രേരിപ്പിക്കുന്നത്.

ഈ വിപ്ലവകരമായ ചുവടുവെപ്പിൽ പങ്കുചേരാൻ നമ്മുടെ പ്രിയപ്പെട്ട അംഗങ്ങളെ സഹായിക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് മലങ്കര സൊസൈറ്റി ഈ പദ്ധതി രൂപ കല്പന ചെയ്തിരിക്കുന്നത്. ഈ മാറ്റം വഴി വൈദുതി ഉപയോഗത്തിൽ നമ്മുടെ അംഗങ്ങളെ സ്വാതന്ത്രരാക്കുക എന്ന സ്വപ്നവും അടങ്ങിയിരിക്കുന്നു. അതോടൊപ്പം സോളാർ പാനൽ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നത് വഴി നിങ്ങൾക്ക് ശുദ്ധവും ഹരിത സ്രോതസ്സിൽ നിന്നുമുള്ള വൈദുതി ഉപയോഗിക്കാൻ ലഭിക്കുന്നു. നിങ്ങളുടെ വീട്ടിലേക്കാവശ്യമുള്ള മുഴുവൻ വൈദ്യുതിയും സോളാർ പാനൽ വഴി ഉൽപാദിപ്പിക്കുമ്പോൾ നിങ്ങൾക്ക് മറ്റു സ്രോതസ്സുകൾ ഉപയോഗിക്കേണ്ടതായി വരുന്നില്ല. അതോടൊപ്പം ലോകപരിസ്ഥിതി നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായി ലോക താപനം കുറക്കാനും സോളാർ പാനൽ വഴിയുള്ള വൈദ്യുതി ഉത്പാദനം നിങ്ങളെ സഹായിക്കുന്നു, ഇതുവഴി നിങ്ങളുടെ വീട്ടിലെ കറണ്ടു ബിൽ മുഴുവനായും ഇല്ലാതാക്കാനും മിച്ചം വരുന്ന വൈദ്യുതി വിൽക്കാൻ സാധിക്കുകയും, ഇതുവഴി ഇന്ത്യയിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിൽ നിങ്ങളുടെ പങ്ക് വ്യക്തമാക്കാനും വരുമാനം ഉണ്ടാക്കാനും സാധിക്കുന്നു.

മലങ്കര സൊസൈറ്റി കേന്ദ്രസംസ്ഥാന സർക്കാരുകളുമായി എംപാനൽ ആയ BSS ഗ്രീൻ ലൈഫ് തുടങ്ങി കമ്പനികളുമായി സംയുക്തമായി പ്രവർത്തിച്ചുകൊണ്ട് "Green Environment" എന്ന ലക്ഷ്യത്തോടെയാണ് ഇത്തരമൊരു സംരംഭത്തിന് മുതിരുന്നത് ഈ പുതുയുഗത്തിൽ ഈ വിപ്ലവകരമായ മാറ്റത്തിൽ പങ്കുചേരാൻ ഞാൻ എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കയാണ്. കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു. ഇത്തരത്തിൽ മലങ്കര ക്രെഡിറ്റ് സൊസൈറ്റി, കോഓപ്പറേറ്റിവ് പ്രാഥമിക തത്വമായ അംഗങ്ങളുടെ ഉന്നമനം യാഥാർഥ്യമാക്കുകയും അങ്ങിനെ ലോകത്തിലെ ആയിരകണക്കിന് ലക്ഷക്കണക്കിന് കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയും ചെയ്യുന്നു.

എല്ലാവർക്കും സർവ്വൈശ്വര്യങ്ങളും നേർന്നുകൊണ്ട്.

ജിസോ ബേബി

# ഒരു ഭ്രാന്തന്റെ മുറിപ്പാടുകൾ




എല്ലാ ആഴ്ചകളുടെ തുടക്കത്തിലും വിനുവിനെ കാണാൻ വരാറുള്ള പ്രിയതമ ഇന്നും വന്നിരുന്നു. സ്വന്തമാക്കാൻ കഴിയാത്ത പ്രണയത്തിന്റെ കയ്പുനീരുമായി, ഓർമ്മകളുടെ പൂക്കാലം തീർത്ത് അവന് ആശ്വാസമേകാനായി. അവന്റടുത്തുവരുമ്പോൾ അവളെല്ലാം മറന്നിരുന്നു, താൻ മറ്റൊരാളുടെ ഭാര്യയാണെന്നുപോലും. എല്ലാ വ്യാകുലതകളും അവനോടവൾ തുറന്നുപറഞ്ഞിരുന്നു. അവൾക്കതൊരാശ്വസമായിരുന്നു. അവളുടെ വാക്കുകൾകേൾക്കുക, അവളോടൊപ്പം സമയം ചിലവഴിക്കുക അതവനും ഒരാശ്വാസമായിരുന്നു. മറ്റൊരാളുടെ സ്വന്തമായാലും തന്റെ പ്രണയം അവൾ മനസ്സിൽ സൂക്ഷിച്ചിരുന്നു ഒരിക്കലും അല നിലക്കാത്ത കടലുപോലെ. പക്ഷേ അതൊന്നും തന്നെ അവനിപ്പോൾ അറിയുന്നില്ല അവനിപ്പോളും അവൾ തന്നെ പ്രണയിനിയാണ്. അവൾ അവന്റെ കൈകളിൽ സ്പർശിച്ചതും അവൻ വല്ലാതെ വൈലന്റായി. കാലിലെ ചങ്ങലകൾ മുറുകി മുറിവിൽ നിന്നും ചോര ഒലിച്ചു തുടങ്ങിയിരുന്നു, അവിടുള്ള ഗാർഡ്സ് സെല്ല് തുറന്ന് ബലമായി പിടിച്ചുകൊണ്ട് പോകുന്നതവൾ ദയനീയമായി നോക്കി നിന്നു.

ആശുപത്രിയിലെ ചികിത്സയും ഡോസ് കൂടിയ മരുന്നുകളും, ഷോക്ക് ട്രീറ്റ്മെന്റും അവനെ വല്ലാതെ ക്ഷീണിതനാക്കിയിരുന്നു. തിരികെ തന്നെ ചങ്ങലക്കുള്ളിൽ തളച്ചതുപോലും അയാളറിഞ്ഞിരുന്നില്ല. രാവിലത്തെ ഭക്ഷണവും കഴിഞ്ഞ് അല്ല നേഴ്സ് കഴിപ്പിച്ചതാണെന്ന് പറയാം അനുസരണയോടെ വിനു കഴിച്ചുവെന്നേയുള്ളൂ. സെല്ലിൽ നിന്നും പുറത്തിറങ്ങിയ നേഴ്സ് വിളിച്ചു പറയുന്നതയാൾ കേട്ടു. "സെൽ നമ്പർ 34 ലെ പേഷ്യന്റിന് മാറ്റമുണ്ട് ട്ടൊ". ഇന്നലത്തെ ഡോസ് കൂടിയ മരുന്നുകളുടെ ക്ഷീണം കാരണം കിടന്ന അയാൾക്ക് തൊണ്ട വരളുന്നതായി തോന്നി, ആരോ അയാളെ കൈനീട്ടി വിളിക്കുന്നതായി തോന്നി, ചെറി യൊരു മർമ്മരത്തോടെ കാലിലെ ചങ്ങലകളെയും പൊട്ടിച്ചുകൊണ്ട് തനിക്കുനേരെ നീട്ടിയ കൈയ്യിലയാൾ കടന്നുപിടിച്ചു. കുറച്ച് സമയം മുന്നേവരെ കാലിൽ ചങ്ങലകളുരഞ്ഞുണ്ടാക്കിയ മുറിവുകളില്ല, സൂചികളുടെ കുത്തേറ്റ വേദനയില്ല, എന്നയാൾക്ക് മനസ്സിലായി എങ്ങും ശാന്തത. പതിയെ കാരാഗ്രഹ സദൃശ്യമായ കൂട്ടിൽ നിന്നും തന്റെ പ്രണയിനിക്കരികിലേക്ക് പോകാനയാളുടെ ഉള്ളം കൊതിച്ചു, പക്ഷേ കഴിയില്ല എത്രയോ തവണ ശ്രമിച്ചിരിക്കുന്നു ഒന്നു ഇവിടെ നിന്നും മോക്ഷത്തിനായി. അയാൾ പിടിച്ച കൈ ശക്തമായി വലിച്ചയാളെ ഗ്രില്ലിനു പുറത്തേക്ക് കൊണ്ടുപോയി. അപ്പോഴാണയാൾ തന്നെ വലിച്ച കൈയ്യുടെ ഉടമസ്ഥന്റെ മുഖം കണ്ടത്, വെളുത്തു തുടുത്തനിറം, നല്ല മുഖൈശ്വര്യം, പാറിനടക്കുന്ന വെളുത്തമുടി. കാൻ വൃദ്ധനായ രാജാവിനപ്പോലെ. അയാൾ ജവിനുവിനോട് പറഞ്ഞു "നിന്നെ ഞാൻ സ്വതന്ത്രനാക്കിയിരിക്കുന്നു, പക്ഷേ എവിടുന്നാണോ ഞാൻ നിന്നെ സ്വതന്ത്രനാക്കിയത് അവിടേക്ക് നിനക്ക് ഇനിയൊരിക്കലും തിരികെ പോകാനാകില്ല, കാരണം നീ നിന്റെ ശരീരം വിട്ട് പുറത്ത് വന്നിരിക്കുന്നു".

ഇതുകേട്ട് തിരിഞ്ഞു നോക്കിയ വിനു തന്റെ തന്നെ ചലനമറ്റ ശരീരം കണ്ടു, കാലിൽ ചങ്ങലയും, മനസ്സിൽ നിറയെ വ്യഥകളുമായി ജീവിതത്തിൽ ഒന്നും നേടാനാകാത്തവനായി മനവൈകല്യം മൂലം കാരാഗ്രഹത്തിലടക്കപ്പെട്ടവൻ. തിരികെ പോകണമെന്ന് അയാൾക്ക് തോന്നിയില്ല, കാരണം, താൻ സ്വതന്ത്രനായതായി തോന്നിയിരുന്നു അയാൾക്ക്. സ്നേഹിക്കുന്നവരെല്ലാം സാഹചര്യങ്ങൾകൊണ്ട് അയാളെ ഒറ്റക്കാക്കി പറന്നകന്നിരുന്നു. എല്ലാരുമുണ്ടായിട്ടും ആരുമില്ലാത്തവനെ പോലെ കഴിഞ്ഞ കുറേ കാലങ്ങൾ. സ്വയം ശപിച്ചു അവൻ ഒരു പാഴ്ജന്മം. പക്ഷേ ഇപ്പോൾ സ്വതന്ത്രനാണ് എവിടെയും പോകാം ആരുമറിയില്ല. ചിന്തിക്കുന്നിടത്ത് പറന്നെത്താം.

ഈ ലോകത്തിൽ വിജയിച്ചവരുടേത് മാത്രമാണ് എന്നും ചരിത്രമായിട്ടുള്ളത്, പരാജിതരുടെ ജീവിതം ആരും ഓർക്കുന്നുപോലുമില്ല. അവസാനം എല്ലാരും എത്തുക ആറടിമണ്ണിലാണ്. അവിടെ വിജയിച്ചവനെന്നോ പരാജിതനോ എന്ന വേർതിരിവില്ല. മരണം എല്ലാവരെയും സ്വതന്ത്രരാക്കും ആകുലതകളില്ലാത്ത ലോകത്തേക്ക്. അവന് ഇപ്പോൾ ആകുലതകളൊന്നും തന്നെയില്ല. കാരണം ഇന്നുമുതൽ തന്റെ പ്രണയിനിയോടൊപ്പം അവളറിയാതെ ഒരു നിഴലായി അവന് നടക്കാനാകും.

സ്നേഹം അത് അമൃതമാണ്. അതുതന്നെയാണ് എല്ലാത്തിന്റെയും ആദിയും, അന്തവും.



Jithin K
Relationship Officer






Anu Joseph
CRE Group Loan



KencheGowda HN
Asst Manager
Branch Operations



# ಮಾನವೀಯತೆ- ಮೌಲ್ಯ

ನಮ್ಮ ದೇವಸ್ಥಾನದ ರಾಮಣ್ಣ ಸುಮಾರು ಎಂಭತ್ತು ವರ್ಷದವರು ಸ್ವಲ್ಪ ಮರೆವು, ತಲೆಹರಟೆ ,ದೊಡ್ಡಸ್ತಿಕೆ, ಇರುವವರು. ಇವರನ್ನು ಮೊನ್ನೆಇವರ ದೂರದ ಸಂಬಂಧಿ ತಿಥಿ ಊಟಕ್ಕೆ ಕರೆದಿದ್ದಾರೆ ಮುಕ್ತಿ ಧಾಮದಲ್ಲಿ ತಿಥಿ ಬೇಗ ಬನ್ನಿ ಅಂತ ಹೇಳಿದ್ದಾರೆ.ಇವರು ಒಂದುವರೆ ಗಂಟೆಗೆ ಅಲ್ಲಿ ಹೋಗಿದ್ದಾರೆ ,ಒಂದನೇಮಹಡಿ ಹತ್ತಿದ್ದಾರೆ ಅಲ್ಲಿ ಯಾರೊ" ಬನ್ನಿ ಬನ್ನಿ ಎಲೆ ಖಾಲಿ ಇದೆ ಇಲ್ಲೆ ಕುಳಿತು ಕೊಳ್ಳಿ" ಎಂದು ಕೂಡಿಸಿದ್ದಾರೆ .ಕುಳಿತ ರಾಮಣ್ಣ ಅಲ್ಲಿ ಬ್ಯಾಟಿಂಗ್ ಶುರು ಮಾಡಿದ್ದಾರೆ ಸ್ವೀಟ್ ಜಿಲೇಬಿ ಖಾರ ಬೋಂಡ ಎಲ್ಲಾ ಬಂತು ವಡೆ ಹಾಕಲೇ ಇಲ್ಲ ಮಜ್ಜಿಗೆ ಅನ್ನ ಬಂತು.ವಡೆ ಬಯಕೆಯ ರಾಮಣ್ಣನಿಗೆ ತಡೆಯಲಾಗಲಿಲ್ಲ ಬಡಿಸುವವರ ಹತ್ತಿರ ಕೇಳಿ  ಬಿಟ್ಟರು "ಏನ್ಸಮಿ ವಡೆ ಹಾಕಲೇಇಲ್ಲ ಅಂದರು" ಅವನು ಗುರಾಯಿಸುತ್ತ "ಇದು ವೈಕುಂಠ ಸಮಾರಾಧನೆ ಊಟ ತಿಥಿ ಊಟ ಅಲ್ಲ," ಎಲ್ಲೊಕೂರಬೇಕಾದವರು ಎಲ್ಲೋ ಕುಳಿತರೆ ಹೀಗೆ ಆಗುವುದು ಅಂದ.


ಇವರಿಗೆ ತಿಥಿಗೆ ಕರೆದವರು ಆಗಲೇ ಜಾಗ ಖಾಲಿ ಮಾಡಿ ಆಗಿತ್ತು. ಹೋಗಲಿ ಪ್ರಸಾದ ಮನೆಗೆ ನಾಲ್ಕು ವಡೆ ಕೊಡಿ ಅಂತ ಕೇಳಿದರು, ಕೊಡಲಿಲ್ಲ" ನಿಮಗೆ ಬಿಟ್ಟಿ ಊಟ ಹಾಕಿದ್ದೀವಿ ವಡೆನು ಇಲ್ಲ ಏನು ಇಲ್ಲ ಹೋಗಿ" ಅಂದರಂತೆ,ಪೆಚ್ಚು ಮೋರೆ ಹಾಕಿ ರಾಮಣ್ಣ  ವೈಕುಂಠ ಸಮಾರಾದನೆ ಮಾಡುವವರ ಹತ್ತಿರ ಲಾಡು ಬೂಂದಿ ಕಿತ್ತುಕೊಂಡು ಮನೆಬಂದರು.



SHASHIDHARA
BDM - Bangalore RO

# നിനക്കായ്

അകലെയെന്നാകിലും അരികത്തുനീ
എൻ സ്നേഹത്തിനരികിലായ്...
കാണാൻ കൊതിക്കുന്ന നിമിഷങ്ങളേറെയും
നീ എന്നിൽ വിടർത്തിയ സ്നേഹ
നിമിഷങ്ങളെ നെഞ്ചോടും ചേർത്തി
പുണരുന്നു ഞാനിതാ...
നീ വന്നു ചേരുന്ന നിമിഷത്തെയോർത്തു
കാത്തിരിക്കുന്നു ഞാൻ
നാം നടന്ന വഴിയോരങ്ങളിൽ
നീയെന്ന വികാരത്തിന് പകരമായി
നീ മാത്രം...




SABNA
EXECUTIVE
CUSTOMER RELATIONS

# കുടുക്ക പ്ലാന്റിംഗ്





കിളികളെ വളർത്തുവാനും മറ്റും ഉപയോഗിച്ചിട്ട് ഉപയോഗശൂന്യമായിരിക്കുന്ന കുടുക്കകൾ ഉണ്ടെങ്കിൽ അതൊരു ഇൻഡോർ പ്ലാൻഡിങ് ഐറ്റം ആയോ ഗാർഡൻ സെറ്റ് ചെയ്യുമ്പോഴോ ഉപയോഗിക്കാവുന്നതാണ്. അങ്ങനെയുള്ള കുടുക്കകൾ ഉണ്ടെങ്കിൽ ആദ്യം കഴുകി വൃത്തിയാക്കി എടുക്കുക അതിനുശേഷം ദ്വാരമിട്ടിരിക്കുന്ന ഭാഗത്ത് ചെറിയൊരു പ്ലാസ്റ്റിക് കവർ കൊണ്ട് മറക്കണം. അതിനു ശേഷം പകുതി അളവിൽ മണ്ണ് നിറച്ച് ചെടി അതിനുള്ളിൽ വക്കുക .ഇൻഡോർ പ്ലാന്റ് ആയി സെറ്റ് ചെയ്യാനാണെങ്കിൽ സൂര്യപ്രകാശം അധികം വേണ്ടാത്തതും അധികം ഉയരം വക്കാത്തതുമായ ചെടികൾ വക്കുക. ഗാർഡനിൽ വക്കാനെങ്കിൽ അധികം ഉയരം വെക്കാത്ത ബുഷ് ടൈപ്പ് ചെടികൾ വയ്ക്കാം. കുടുക്കയുടെ പുറത്ത് ഇഷ്ട്ടമുള്ള കളർ പെയിന്റ് കൊടുത്താൽ കുറച്ചുകൂടി ഭംഗിയായി.



Helna Sebastian
Sr. Executive - Daily Loan

# ആത്മാക്കളുടെ ചിന്തകൾ




ഒരു കഥ വായിച്ച് തീരുന്നിടത്തു ചിന്തകൾക്ക് അവസാനമില്ലാതാകും...
ആ രാത്രികൾ ഉറക്കമില്ലാതെ അലയുന്ന ആത്മാക്കളുടെ പോലെയാണെന്ന് തോന്നും...
മരിച്ചിട്ടും ഭൂമിയിൽ നിന്ന് പോകാനാകാതെ.
നമുക്ക് പ്രിയപെട്ടവരുടെ കൂടെ അലഞ്ഞു തിരിഞ്ഞ്..
ഒന്ന് മിണ്ടാനാകാതെ..
ഒന്ന് തൊടാനാകാതെ..
ഞാനുണ്ട് കൂടെ എന്നുറക്കെ കരഞ്ഞു അലറി പറഞ്ഞിട്ടും കേൾക്കാതെ പോകുന്ന പ്രിയപെട്ടവർക് നടുവിൽ... ഒടുവിൽ മറവി എന്ന മരുന്നിനൊപ്പം ജീവിതം
അവർ കരുപിടിപ്പിച്ചു തുടങ്ങുമ്പോൾ ഭൂമിയിൽ അന്യനായി തീരുന്ന ആത്മാക്കളെ പോലെ...
വേർതിരിച്ചറിയാനാകാത്ത സങ്കടങ്ങളും
ഭയവും പേറിയിങ്ങനെ...
അവസാനം ഇതാണ് സത്യമെന്ന തിരിച്ചറിവിൽ എത്തിച്ചേരുമ്പോളേക്കും അവസാനിക്കുന്ന കഥ തന്നെ ആണ് ജീവിതവും..
മറവിയും ഒരനുഗ്രഹമാണ്...
എല്ലാം തിരിച്ചു പിടിക്കാനുള്ള ആർജ്ജവം കൂടി ഉണ്ടായിരുന്നെങ്കിൽ....
എന്ന് ഒരു നിമിഷം ചിന്തിച്ചുപോയി



SUJA REJISH
TEAM LEADER
TELECALLING

## ലോകഭാഷാദിനം ഫെബ്രുവരി 21




ലോകമെങ്ങുമുള്ള ചെറുതും വലുതുമായ ഭാഷകളെ സംരക്ഷിച്ചു നിലനിർത്തുക എന്ന ലക്ഷ്യത്തോടെ യുനെസ്കോയുടെ നേതൃത്വത്തിൽ ഫെബ്രുവരി 21 ലോക മാതൃഭാഷാദിനമായി കൊണ്ടാടുന്നത്. സ്വന്തം ഭാഷയിൽ എഴുതാനും വായിക്കാനും സംസാരിക്കാനും ഒരു ജനത നടത്തിയ വലിയ പോരാട്ടത്തിന്റെ ഓർമ പുതുക്കൽ കൂടിയാണ് ഈ ദിനം.

മാതൃഭാഷ കേവലമൊരു ആശയ വിനിമയോപാധിയല്ല. ഏതൊരു സമൂഹത്തെയും കൂട്ടിയിണക്കുന്ന അതിന്റെ സത്വത്തെ നിർണ്ണയിക്കുന്ന സംസ്ക്കാരവും ചരിത്രവും കൂടിയാണ്.

നമ്മുടെ വരും തലമുറക്കു വേണ്ടി സാഹിത്യകൃതികളാൽ സമ്പന്നമായ നന്മയാർന്ന നമ്മുടെ ഭാഷയെ, നമ്മുടെ മലയാളത്തെ, നമ്മുടെ സംരക്ഷിക്കാം. അഭിമാനപൂർവ്വം നമ്മുക്ക് നമ്മുടെ കുഞ്ഞുങ്ങൾക്ക് കൈമാറാം.



Joffy Johny
Junior Executive TeleCalling



# ചിപ്പിക്കൂൺ കൃഷി




കേരളത്തിലെ കാലാവസ്ഥയിൽ ഏറ്റവും ആദായകരമായി വളർത്താൻ യോജിച്ചതാണ് ചിപ്പിക്കൂണ്. പ്രമേഹരോഗികളുടെ ആനന്ദം, ദേവതകളുടെ ആഹാരം എന്നൊക്കെയാണ് കൂണിനുള്ള വിശേഷണങ്ങൾ. വിശിഷ്ടമായ ഈ ഭക്ഷ്യവിഭവം തടമൊരുക്കി എല്ലാ കാലങ്ങളിലും വീടുകളിൽ കൃഷി ചെയ്യാനാവും. കേരളത്തിലെ കാലാവസ്ഥയിൽ പാൽക്കൂണുകളും ചിപ്പിക്കൂണുകളും വിജയകരമായി കൃഷി ചെയ്യാം. 20-30 ഡിഗ്രി സെൽഷ്യസ് അന്തരീക്ഷ ഊഷ്മാവിൽ ചിപ്പിക്കൂൺ മികച്ച വിളവു തരുന്നു. വളരെ ചെലവ് കുറഞ്ഞ രീതിയിൽ ഉൽപാദിപ്പിക്കാവുന്ന കൂൺ വിളയാണ് ചിപ്പിക്കൂൺ. ജൂൺ മുതൽ ഡിസംബർ വരെയുള്ള കാലയളവാണ് കൃഷിക്ക് കൂടുതൽ അനുയോജ്യമെങ്കിലും അനുകൂല സൗകര്യങ്ങളൊരുക്കി വർഷം മുഴുവൻ ചിപ്പിക്കൂൺ വിളയിക്കാം.

കൃഷിക്ക് ഏറ്റവും അനുയോജ്യമായ മാധ്യമം വൈക്കോലാണ്. അധികം പഴക്കമില്ലാത്ത സ്വർണനിറമുള്ള നല്ല വൈക്കോലാണ് ആവശ്യം. വലിയ പാത്രത്തിലോ ബക്കറ്റിലോ മറ്റോ വെള്ളമെടുത്ത് 12 മുതൽ 18 മണിക്കൂർ വെള്ളത്തിൽ മുങ്ങിക്കിടക്കും വിധം വൈക്കോൽ താഴ്ത്തിവയ്ക്കുക. അതിനു ശേഷം വെള്ളം വാർന്നു കളഞ്ഞ് വൃത്തിയുള്ള ഷീറ്റിൽ വിരിച്ച് വെയിലിൽ, 50% ഈർപ്പം നിൽക്കും വരെ ഉണക്കുക. ശേഷം പാത്രത്തിൽ വച്ച് ഒരു മണിക്കൂർ നേരം ആവി കയറ്റുക. പാത്രത്തിലെ വെള്ളത്തിൽ വൈക്കോൽ നനയാതെ തട്ട് വച്ചാവണം ആവി കയറ്റേത്.

ആവി മുകളിലെത്തിയ ശേഷം മുക്കാൽ മണിക്കൂർ കൂടി ആവി കയറ്റുക. ശേഷം തണുക്കാനായി തണലത്ത് വൃത്തിയുള്ള ഷീറ്റിൽ നിരത്തിയിടുക. കയ്യിലിട്ടു പിഴിഞ്ഞാൽ ജലാംശം ഊറിവരാത്ത രീതിയിൽ തണുക്കണം. തുടർന്ന് ഈ വൈക്കോൽ ചുരുട്ടി പ്ലാസ്റ്റിക് കൂടിൽ (അണുനാശനം ചെയ്ത കൂടുകൾ വാങ്ങാം) നിറയ്ക്കാം. നിറയ്ക്കും മുൻപ് കൈകളും അണുനാശനം വരുത്താൻ ശ്രദ്ധിക്കുക. 30 സെ. മീറ്റർ വീതിയും 60 സെ. മീറ്റർ നീളവും 30 ഗേജ് കട്ടിയുമുള്ള പോളിത്തീൻ കവറാണ് ഉപയോഗിക്കേണ്ടത്. ഇത്തരത്തിലാണ് ബെഡ്ഡുകൾ നിർമ്മിക്കേണ്ടത്. ബെഡിന്റെ അടിഭാഗം വൃത്താകൃതിയിൽ പരന്നിരിക്കുന്ന രീതിയിൽ റബർ ബാൻഡ്കൊണ്ട് കെട്ടിയിരിക്കണം. ചുരുട്ടി വൃത്താകൃതിയിൽ വയ്ക്കുന്ന വൈക്കോലിനു മുകളിലായി അരികുചേർത്ത് വൃത്താകൃതിയിൽ കൂൺവിത്തു വിതറുക. വീണ്ടും വൈക്കോൽ വയ്ക്കുക, കൂൺവിത്തു വിതറുക. ഈ രീതിയിൽ വൈക്കോലും കൂൺവിത്തും കൊണ്ട് പാളികളായി കവർ നിറയ്ക്കുക. ഏറ്റവും മുകളിൽ വിത്ത് വിതറിയിടാം. തുടർന്ന് കൂട് റബർബാൻഡുകൊണ്ട് കെട്ടി അടയ്ക്കുക. വായുസഞ്ചാരത്തിനായി ബെഡിനു ചുറ്റും എല്ലാ ഭാഗത്തുമായി നൂറോളം ചെറു സുഷിരങ്ങൾ ഇടണം.

സ്റ്റെയർകെയ്സിന്റെ അടിഭാഗം പോലെ ഇരുട്ടും തണുപ്പും വായുസഞ്ചാരവുമുള്ള ഭാഗത്ത് ബെഡ് സൂക്ഷിക്കാം. എന്നാൽ വൃത്തിയുള്ള ഇടമാകാൻ ശ്രദ്ധിക്കണം. ചൂടു കൂടുതലുള്ളതിനാൽ അടുക്കളയിലോ, മാലിന്യങ്ങൾ കടക്കാൻ സാധ്യതയുള്ളതിനാൽ കുളിമുറിയിലോ സൂക്ഷിക്കാതിരിക്കുക. വളർച്ചയെത്തിയ കൂണുകൾ 20 ദിവസം മുതൽ 60 ദിവസം വരെ വിളവെടുക്കാം. ഒരു ബെഡിൽനിന്ന് 600 ഗ്രാം മുതൽ ഒന്നര കിലോ വരെ കൂൺ ലഭിക്കാം.

300 ഗ്രാം വരുന്ന ഒരു പാക്കറ്റ് കൂൺ വിത്തിന് ശരാശരി 50 രൂപ വിലയുണ്ട്. ഒരു പാക്കറ്റ് 2 ബെഡിനു തികയും. ഒരു ബെഡിനു ഒന്നര കിലോ വൈക്കോൽ വേണ്ടി വരും. ഇവക്കൊപ്പം പോളിത്തീൻ കൂടും അണുനാശിനിയും എല്ലാം ചേർന്നാലും ഒരു ബെഡ് തയ്യാറാക്കാൻ 70 രൂപ മാത്രമാണ് ചിലവ് വരിക.



RALIKA PR
Senior Executive - Agriculture Hydroponics

# ചായക്കൂട്ട്

മോഹമാണ് ചായമേ നിന്നോട്..
തുടങ്ങിയാലിന്നൊടുങ്ങാതെ തുടരുവാൻ,
നിന്നെയറിയാനായലിഞ്ഞൊരാ-
മായാമോഹം.....

വർണ്ണമായ് നീയെന്നിൽ
വരയുവാൻ വന്നെങ്കിൽ,
ഒഴിഞ്ഞയെൻ താളുകളോരോന്നും, നിന്നെ
പകരാനായ് കാത്തിന്നു നിൽക്കുന്നു.

നീലയാം വർണ്ണമായ്
മാറി നീയെങ്കിൽ ഞാൻ
എന്നിലിന്നാഴമാർന്നാഴിയായ്
നിന്നെ വരഞ്ഞേനേ..

ചുവപ്പായെന്നരികിലായ് നീ
വന്നിരുന്നെങ്കിൽ ഞാൻ
സന്ധ്യയായ്, ഉദയമായ്
നിന്നെയെൻ താളിലായ്
മനം നിറയുവോളം പകർത്തിയേനേ..

നൂറായി മാറി, എന്നിലായലിഞ്ഞ്
ഏഴായ വർണ്ണം നീ നൽകിയതെനിക്കെന്നും
ചായത്താൽ തീർത്തൊരാ മായാലോകം
നിന്നെയറിയാനെനിക്കേകിയ
വർണ്ണ ലോകം

ശിൻഷാ_രുദ്ര






SINSHA RUDRA
Executive - Operations

# நடைபயிற்சி -ஆரோக்கியமான வாழ்விற்கு அடித்தளம்

ஆரோக்கியமான வாழ்க்கை முறையில் மிக முக்கியமானது உடற்பயிற்சி. உடற்பயிற்சி என்றால் ஜிம்முக்கு சென்று தான் செய்ய வேண்டும் என்றில்லை. உடற்பயிற்சி கருவிகளை கொண்டு செய்தால் தான் என்றுமில்லை. சாதாரணமான நடைபயிற்சியே சிறந்த உடற்பயிற்சிதான். எல்லோரும் எளிதாக செய்யகூடிய இந்த நடைப்பயிற்சியின் நன்மைகள் குறித்து சமீபத்தில் ஆய்வு செய்ததில் தினசரி சில ஸ்டெப் அதிகமாக செல்வது ஆயுளை நீட்டிக்கும் என்று கண்டறிந்துள்ளது. அதை தான் இப்போது பார்க்க போகிறோம்.

ஒவ்வொரு நாளும் வாக்கிங் செல்பவர்களுக்கு இந்த ஆய்வு முடிவு மகிழ்ச்சியாக இருக்கும். அதிலும் தினசரி நீண்ட உலா செல்ல வேண்டியதில்லை. சிறந்த இதய ஆரோக்கியம் மேம்பட்ட தூக்கத்தின் தரம் மற்றும் நேர்மறையான ஆரோக்கியம் போன்ற பல நன்மைகளை அளிக்கும் நடைபயிற்சி கூடுதலாக நீண்ட கால ஆயுளை வழங்குகிறது என்று புதிய ஆராய்ச்சி கண்டறிந்துள்ளது.

தடையற்று நடப்பவர்கள் மற்றும் குறுகிய வேகத்தில் நடப்பவர்கள் மத்தியில் அவர்களது ஆரோக்கிய நன்மைகள் சீராக இருந்தன. இதய மேம்பாடு, சிறந்த தூக்கத்தின் தரம் மற்றும் மேம்பட்ட மன ஆரோக்கியம் ஆகியவற்றிலிருந்து நடைப்பயிற்சி பல்விதமான நேர்மறை ஆரோக்கிய விளைவுகளை ஏற்படுத்துவதை கண்டறிந்துள்ளது.


ஆரோக்கியத்தை மேம்படுத்த ஒவ்வொரு நாளும் நீண்ட தூரம் நடக்க வேண்டியதில்லை. இது மிதமான பயிற்சியே. ஷூக்கள் தவிர இதற்கு எந்த கருவியும் தேவையில்லை. வியர்வை சிந்த நடக்க வேண்டியதில்லை என்பதும் குறிப்பிடத்தக்கது.

ஒவ்வொரு நாளும் வாக்கிங் செய்தவர்கள் குறைவான சுறுசுறுப்பாக இருப்பவர்களை காட்டிலும் இறப்பு அபாயம் கணிசமாக குறைவாக இருப்பதை கண்டறிந்துள்ளது

தினசரி 4500 ஸ்டெப் வரை பயிற்சி மேற்கொண்டவர்கள் ஆரோக்கிய நன்மைகள், குறுகிய இடங்களில் நடந்தவர்கள் மற்றும் தடையின்றி நடந்தவர்கள் மத்தியில் ஒரே மாதிரி இருந்தது கண்டறியப்பட்டது.

எனவே நாம் அனைவரும் குறைந்தது மூன்று கிலோமீட்டராவது தினமும் காலையிலோ அல்லது மாலையிலோ

நடப்பதை வழக்கமான முறையில் மாற்றுவோம் ஆரோக்கியமான வாழ்க்கையை வாழ்வோம்.



JANARDHANAN

# കയ്പ്പില്ലാത്ത കയ്പ്പക്കതോരൻ



### ആവശ്യമുള്ള സാധനങ്ങൾ

കയ്പക്ക - 1
കുടംപുളി - 4 കഷ്ണം
ഉപ്പ് പാകത്തിന്
നാളികേരം ആവശ്യത്തിന്
പച്ചമുളക് - 5 എണ്ണം
സബോള - 1 എണ്ണം
കടുക് - 1 ടീസ്പൂൺ
വെളിച്ചെണ്ണ - 2 ടീസ്പൂൺ
മഞ്ഞൾപൊടി - 1/2 ടീസ്പൂൺ


### തയ്യാറാക്കുന്ന വിധം

കയ്പക്ക കുരുകളഞ്ഞു ചെറുതാക്കി അരിഞ്ഞു കുടം പുളി ചേർത്തു മുങ്ങത്തക്ക രീതിയിൽ വെള്ളം ഒഴിച്ച് തിളപ്പിക്കുക. അതിനു ശേഷം വെള്ളം ഊറ്റി കളയുക. ചീന ചട്ടിയിൽ വെളിച്ചെണ്ണ ഒഴിച്ച് കടുക് പൊട്ടിച്ച് സബോളയും, പച്ച മുളകും, വേപ്പിലയും ചേർത്ത് വഴറ്റുക. അതിലേക്ക് നാളികേരം ചിരകിയതും ഉപ്പും മഞ്ഞൾപ്പൊടിയും ചേർത്തു യോജിപ്പിക്കുക. അതിലേക്ക് കയ്പക്ക ചേർക്കുക. 10 മിനിറ്റ് വേവിക്കുക. കയ്പക്ക തോരൻ റെഡി.

MARIYAMA PIOUS
Vice -Chairman

# അടുക്കളയിലെ നുറുങ്ങു വിദ്യകൾ

- അരിയിൽ ചെള്ള് വരാതിരിക്കാൻ, പുതുമ നഷ്ടപെടാതെ ഇരിക്കാൻ ചിരട്ട കൊണ്ടുള്ള നാഴി ഉപയോഗിക്കാം, ഗ്രാമ്പൂ, കുരുമുളക് ഇവ രണ്ടും കുറച്ച് എടുത്ത് അരിയിൽ കലർത്തി വെക്കാം
- പരിപ്പ് പെട്ടെന്ന് വെന്തു കിട്ടാൻ കറി വയ്ക്കുന്നതിന് മുൻപ് കുറച്ചു നേരം വെള്ളത്തിൽ കുതിർത്തു വയ്ക്കുക
- പരിപ്പ് വേവിക്കുവാൻ വയ്ക്കുമ്പോൾ തിളച്ചു തൂകി പോകാതിരിക്കാൻ അല്പം പച്ച വെളിച്ചെണ്ണ ചേർക്കുക
- മല്ലി ഇല കൂടുതൽ ദിവസം കേടാകാതിരിക്കാൻ, മല്ലി ഇല വൃത്തിയാക്കി അര ഗ്ലാസ്സ് വെള്ളത്തിൽ മുക്കി വച്ചു
- ഒരു ചെറിയ പ്ലാസ്റ്റിക് കവറു കൊണ്ട് മൂടി വായു കടക്കാത്ത രീതിയിൽ കെട്ടി വയ്ക്കുക. ഫ്രിഡ്ജിൽ സാധാരണ മല്ലിയില ഇരിക്കുന്നതിൽ കൂടുതൽ ദിവസം ഇരിക്കും
- കുക്കറിൽ പാചകം ചെയ്യുമ്പോൾ ഉള്ളിൽ നിന്ന് ഭക്ഷണ സാധനങ്ങൾ പുറത്തു തെറിച്ചു പോകാതിരിക്കാൻ പാചകത്തിന് അൽപ്പം മുൻപ് വാഷറിലും മൂടിയുടെ സൈഡിലെ ഉൾഭാഗത്തും കുറച്ചു വെളിച്ചെണ്ണ തടവുക
- കടല കറി വയ്ക്കുമ്പോൾ കറി കുറുകി കിട്ടാൻ കറി വയ്ക്കുമ്പോൾ കുറച്ചു കടല എടുത്ത് നന്നായി അരച്ച് കറിയിൽ ചേർക്കുക
- പാവയ്ക്കയുടെ കയ്പ്പ് കുറയാൻ അരിഞ്ഞു വച്ച പാവയ്ക്കയിൽ ഒരു സ്പൂൺ വിനാഗിരി, ഒരു സ്പൂൺ ഉപ്പ് എന്നിവ ചേർത്ത വെള്ളത്തിൽ മുക്കി വച്ചതിനു ശേഷം അര മണിക്കൂർ കഴിഞ്ഞ കഴുകി ഉപയോഗിക്കുക
- പഞ്ചസാര കുപ്പിയിൽ ഉറുമ്പ് വരാതിരിക്കാൻ പഞ്ചസാരയുടെ മുകളിൽ മൂന്നോ നാലോ ഗ്രാമ്പൂ ഇട്ടു വെക്കുക
- കുടംപുളി, കോൽപുളി കൂടുതൽ കാലം കേടാകിതിരിക്കാൻ ഉപ്പ് വിതറി വയ്ക്കുക
- പയറ് വർഗങ്ങൾ തലേ ദിവസം വെള്ളത്തിൽ ഇടാൻ മറന്നാൽ സ്റ്റീലിന്റെ കാസ്രോളിൽ തിളച്ച ചൂടുവെള്ളം മുങ്ങി കിടക്കാൻ പാകത്തിൽ ഒഴിച്ച് 1 മണിക്കൂർ വയ്ക്കുക പെട്ടെന്ന് കുതിർത്തു കിട്ടും
- നിലവിളക്ക് തിളക്കത്തോടെ ഇരിക്കാൻ നാരങ്ങാ നീരും ഉപ്പും ചേർത്ത് നന്നായി തേച്ച് 10 മിനിറ്റ് വയ്ക്കുക കഴുകി തുടച്ച ശേഷം ഭസ്മം കൊണ്ട് ഒന്നു കൂടി തുടക്കുക
- കറിയിൽ ഉപ്പ് കൂടിയാൽ കുറച്ച് തക്കാളിയോ ഉരുളൻ കിഴങ്ങോ കഷ്ണങ്ങളാക്കി കറിയിൽ ചേർക്കുക
- മെഴുക്കു പുരട്ടിയിൽ ഉപ്പ് കൂടിയാൽ കുറച്ച് നാളികേരം ചുരണ്ടി ചേർക്കുക




**RENJU**
Executive - Customer Relations

# തോണ്ട്

കാലം കാത്തു
നിന്നൊരു
കളിവഞ്ചി
ദിശയില്ലാതെയെ
ങ്ങോ
തുഴഞ്ഞിടുന്നു.
തുഴയും തോറും
എന്തോ
അറ്റമെത്തുന്നില്ല.
പങ്കായമാഴത്തിൽ
ഊഴ്ന്നിറങ്ങുന്നു
ണ്ട് അതിനൊപ്പം
വഞ്ചിയുടെ
വേഗതയും
പക്ഷേ
ഒന്നറിയാം
അറ്റമില്ലാ
ലക്ഷ്യത്തിലും
ആഴമേറും
ചുഴിയിലും നിൻ
കരങ്ങൾ
എനിക്കായുണ്ടെ
ന്ന്

കണ്ണകി



NIDHISHA S KUMAR
Customer Relationship Officer - Group Loan



SARATH PS
Credit Officer Group Loan

# കാത്തിരിപ്പ്

യാത്രയും ചൊല്ലി മറയേണ്ടതില്ല നീ...
എന്നെന്നേക്കുമായി മായേണ്ടതില്ല നീ...
എന്റെ മനസിലെ മൗനത്തെ
ഒരു വിതുമ്പൽ കൊണ്ട്
കടിഞ്ഞാണിട്ടിടാം....
എന്നെ ഏകയാക്കി നീ മറയുമ്പോൾ
ഒരിക്കലും തിരിഞ്ഞു നോക്കാതിരിക്കുക......
ദൂരങ്ങൾ ഏറുംതോറും...
ഇരുമനസ്സിലും
നീ തിരിഞ്ഞു നോക്കിയിരുന്നെന്നു ഞാനും
ഈ വഴിയോരത്തു നിനക്കായ്
കാത്തിരിക്കുന്നുവെന്നു നീയും
നിനച്ചു കൊള്ളട്ടെ ❤❤❤

# പൂക്കൾ

പട്ടാളത്തിൽ നിന്ന് വിരമിച്ച ഭടൻ സമ്മാനിച്ച കല്യാണ സൗഗന്ധിക പൂച്ചെടി, 'അമ്മ മുറ്റത്തു വളർത്തിയപ്പോൾ അവ കരുത്തോടെ വളർന്നു, പുഷ്പിച്ചു.
പാഞ്ചാലിയെ ഭ്രമിപ്പിച്ച ആ സുഗന്ധം, സന്തോഷം നൽകി. പൂമ്പാറ്റകൾക്ക് പരാഗം നൽകി കൊച്ചു പക്ഷികൾ സമൃദ്ധിയായി തേനുണ്ടു. വരുണനെ കാമിച്ച കല്യാണ സൗഗന്ധിക പൂക്കൾ, ജീവിത സാക്ഷത്കാരത്തിനായി.
കൊതിച്ചു. അവൾ തളർന്നു. കട്ടുറുമ്പുകൾ തഞ്ചം നോക്കി അവളെ ആക്രമിച്ചു.
പക്ഷേ ഭദ്ര തൻറെ പ്രിയ സഖിയുടെ മനസ്സറിഞ്ഞു. ഉണ്ണി ആ മനോഹര പുഷ്പങ്ങൾ പൂജക്കെടുത്തു. ഏതൊരു പുഷ്പവും വിരിയുന്നതു ഗുരുവായൂർ കണ്ണന്റെ തൃപ്പാദങ്ങളിൽ അലിയുവാനല്ലേ?
ഏതൊരു പുഷ്പവും മോഹിക്കുന്നതു ഭഗവാൻറെ തൃപ്പാദങ്ങളിൽ അർപ്പിക്കപ്പെടുവാനല്ലേ?



DEEPA

# PRODUCT OF THE MONTH

## DHAN LAKSHYA 3

| Sl No | AMOUNT | INT RATE | MONTHLY INSTALLMENTS | AMOUNT TO BE PAID | MATURITY VALUE |
|---|---|---|---|---|---|
| 1 | 1000 | 9.75% | 36 | 36,000 | 41,962 |
| 2 | 2000 | 9.75% | 36 | 72,000 | 83,923 |
| 3 | 5000 | 9.75% | 36 | 1,80,000 | 2,09,808 |
| 4 | 10000 | 9.75% | 36 | 3,60,000 | 4,19,616 |
| 5 | 20000 | 9.75% | 36 | 7,20,000 | 8,39,232 |



*മലങ്കര ക്രെഡിറ്റ് സൊസൈറ്റി 'ഇമ്മാസിന്', പെറ്റൽസ് വാല്യം 13 ലക്കി ഡ്രോ മത്സര വിജയി ശ്രീമതി ശ്യാമള വി എ ട്രെയിനർ ശ്രീമതി നീതു ഷാനിൽ നിന്ന് സ്വർണ്ണ നാണയം ഏറ്റുവാങ്ങുന്നു.*

# FUN FROLIC

## HAPPY BIRTHDAY


Raghu Viswanath


Sandhya PK


Sadhik Aboobaker


Anjali VR



Suja MS



Sarath PV


Ralika PR


Omal Sanker


Vishnu KU


Deepthi K Dileep


Athul S


Sruthy Sanal S


Arun CU


SivaPriya G


Akhil A


Yadhu Krishnan

# Induction Program for new employees



**Induction Training No : 25**
First row from left to right( Vishnu T S, Vishnu Lal M K, Gokul Pradeep, Anju P Nair, Devdas K D, Amrutha Manoj, Preeveesh Prakash)
Second Row (Souabi A T, Sunesh K P, Amruth C Dinesh, Jisso Baby(CMD), Neethu V N( Trainer)



**Induction Training No : 26**
First row from left to right( Adharsh C D, Subeesh Chandran, Ajith Shaji, Neethu V N( Trainer), Balu K V( Manager Lap),Jose Mohan ( V P),
K Prakash ( Sr. Manager - Audit)

# LUCKY DRAW

FREE

Contest for Malankara Family

# Answer & Win!

Terms and conditions apply
for members only

1. ഈ മാസത്തിലെ 'Product of The Month' ന്റെ പേരെന്താണ്?
2. ഈ മാസത്തിലെ 'Product of The Month' ന്റെ കാലാവധി എന്താണ്?

മുകളിലുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകൂ, 9072597329 എന്ന നമ്പറിലേക്ക് നിങ്ങളുടെ അംഗത്വ ഐഡിയും മുഴുവൻ പേരും മൊബൈൽ നമ്പറും സഹിതം WhatsApp ചെയ്യൂ അല്ലെങ്കിൽ media@mmsccs.com ലേക്ക് ഇമെയിൽ ചെയ്യുക

## നിബന്ധനകളും വ്യവസ്ഥകളും

1. മലങ്കര ക്രെഡിറ്റ് സൊസൈറ്റിയാണ് ഭാഗ്യ നറുക്കെടുപ്പ് മത്സരം നിങ്ങളിലേക്ക് കൊണ്ടുവരുന്നത്
2. പങ്കെടുക്കാൻ യോഗ്യത നേടുന്നതിന്, നിങ്ങൾ മലങ്കര ക്രെഡിറ്റ് സൊസൈറ്റിയിൽ അംഗമായിരിക്കണം
3. മലങ്കര ക്രെഡിറ്റ് സൊസൈറ്റി ജീവനക്കാർക്ക് മത്സരത്തിന് അർഹതയില്ല
4. 2023 മാർച്ച് 5, ഉച്ചയ്ക്ക് 12 മണി വരെ നിങ്ങൾക്ക് ഉത്തരങ്ങൾ അയക്കാം.
5. എല്ലാ ചോദ്യങ്ങൾക്കും നിങ്ങൾ ശരിയായി ഉത്തരം നൽകിയാൽ നിങ്ങൾക്ക് ഒരു ഭാഗ്യ നറുക്കെടുപ്പിന് അർഹതയുണ്ട്.
6. ചോദ്യങ്ങൾക്ക് ശരിയായി ഉത്തരം നൽകിയ അംഗങ്ങൾക്കിടയിൽ ഇത് നടപ്പിലാക്കും.
7. 2023 മാർച്ച് 6ന് നറുക്കെടുപ്പിലൂടെ വിജയിയെ തിരഞ്ഞെടുക്കും.
8. നറുക്കെടുപ്പിലെ വിജയിക്ക് സ്വർണ്ണ നാണയം ലഭിക്കും

## JANUARY- Liability Products

1st



16 Lacs

Nivin Mohan MC
Manager, CFC Manarkkad

2nd



15 Lacs

Unnimaya Sajeev
Executive BC Operation

3rd



14 Lacs

Mariyama Pious
Vice Chairman